**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 31** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഫയലുകൾ തീർപ്പാക്കാൻ അടിയന്തര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃക്കാക്കര ഉപതെരഞ്ഞെടുപ്പിന് മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര ദിവസമാണ് എറണാകുളം ജില്ലയിൽ ക്യാമ്പ് ചെയ്ത് പ്രചരണം നടത്തിയത്; | (എ) | ഔദ്യോഗിക ചുമതലകൾ ഒഴിവാക്കിയിട്ടുള്ള തിരഞ്ഞെടുപ്പ് പ്രവർത്തനത്തിനു മാത്രമായി മുഖ്യമന്ത്രിയും മന്ത്രിമാരും എറണാകുളം ജില്ലയിൽ ക്യാമ്പ് ചെയ്തിട്ടില്ല. |
| (ബി) | സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും ഓഫീസുകളിൽ എത്ര ഫയലുകളാണ് തീർപ്പാക്കാതെയുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ അവസരത്തിലൊഴികെയുള്ള സമയം, ഫയലുകൾ ക്യാമ്പ് ഓഫീസിൽ നേരിട്ടെത്തിച്ചും ഇ-ഫയലുകൾ നേരിട്ട് പരിശോധിച്ചും തീർപ്പാക്കിയിരുന്നതിനാൽ തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ പേരിൽ ഫയലുകൾ തീർപ്പാക്കാതെ കിടന്നിട്ടില്ല. |
| (സി) | തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് കാലത്തു മുഖ്യമന്ത്രിയും മറ്റ മന്ത്രിമാരും സെക്രട്ടേറിയറ്റിൽ ഇല്ലാതിരുന്നതുമൂലം ഫയലുകൾ തീർപ്പാകാതെ കിടക്കുന്നു എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (സി) | ആരോപണം വസ്തുതാപരമല്ല. |
| (ഡി) | ഫയലുകൾ തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ